**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6402** **10-11-2021 - ൽ മറുപടിയ്ക്ക്**

**തൊഴിലാളികളുടെ മിനിമം കൂലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലാളികൾക്ക് ലഭിക്കുന്ന മിനിമം ദിവസക്കൂലി എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഓരോ തൊഴിൽ മേഖലയ്ക്കും വ്യത്യസ്ത നിരക്കിലുള്ള മിനിമം വേതനമാണ് നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 87 തൊഴിൽ മേഖലകളിൽ 82 തൊഴിൽ മേഖലകൾക്ക് വേണ്ടി സർക്കാർ മിനിമം വേതന നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. അടിസ്ഥാന വേതനത്തിനോടൊപ്പം വേരിയബിൾ ഡി.എ കൂടി ചേർന്നതാണ് മിനിമം കൂലി. സംസ്ഥാനത്ത് ഓരോ ജില്ലകളിലും വേരിയബിൾ ഡി.എ നിരക്കുകൾ ഉപഭോക്തൃവില സൂചികയുടെ അടിസ്ഥാനത്തിൽ വ്യത്യസ്തമാണ്. |
| (ബി) | പ്ലാന്റേഷൻ കോർപ്പറേഷനിലെ തോട്ടം തൊഴിലാളികൾക്ക് ഇപ്പോൾ ലഭിക്കുന്ന മിനിമം കൂലി എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | പ്ലാന്റേഷൻ കോർപ്പറേഷനിലെ തോട്ടം തൊഴിലാളികൾക്ക് ഇപ്പോൾ ലഭിക്കുന്ന മിനിമം കൂലി അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ തൊഴിലാളികളുടെ മിനിമം കൂലി അടിയന്തരമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപെടുത്തിയ തൊഴിൽ മേഖലകളിൽ വിവിധ സമയത്ത് കാലാവധി പൂർത്തിയായ 49 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും, 6 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കാലാവധി പൂർത്തിയായ തൊഴിൽ മേഖലകളിലും പുതുതായി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിൽ മേഖലകളിലും മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന്/ നിശ്ചയിക്കുന്നതിന് വേണ്ടി മിനിമം വേതന ഉപദേശക സമിതിയ്ക്ക് കീഴിൽ മൂന്ന് ഉപസമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നമ്പർ | തൊഴിലാളി വിഭാഗം | അടിസ്ഥാന ശമ്പളം (രൂപ) | ഡി.എ (രൂപ) 01.10.2021 | ഇടക്കാലാ ശ്വാസം | ആകെ ശമ്പളം (രൂപ) |
|---|---|---|---|---|---|
| 1 | റബ്ബർ-ടാപ്പിംഗ് | 336.43 | 106.26 | 80 | 522.69 |
| 2 | റബ്ബർ-ഫീൽഡ് | 336.21 | 106.26 | 80 | 522.47 |
| 3 | റബ്ബർ കളക്റ്റിംഗ് സ്റ്റേഷൻ | 341.08 | 106.26 | 80 | 527.34 |

സെക്ഷൻ ഓഫീസർ.